(ബി) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സവിശേഷ സാഹചര്യ മനുസരിച്ച് ഫണ്ട് വിനിയോഗത്തിൽ കൂടുതൽ സ്വാതന്ത്ര്യം അനുവദിച്ചുകൊണ്ടാണ് മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. അതനുസരിച്ച് ഉല്പാദന മേഖലയിൽ 85% വരെ വികസന ഫണ്ട് ചെലവാക്കാവുന്ന സാഹചര്യമുണ്ടെങ്കിലും ഉല്പാദനമേഖലയുമായി ബന്ധപ്പെട്ട് കാർഷിക മേഖലയിൽ വകയിരുത്തുന്ന തുക പശ്ചാത്തലമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ഗ്രാമീണ മേഖലയിലും കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നതായി ഇത് സൂചിപ്പിക്കുന്നു. ഫണ്ടിന്റെ അഭാവത്തിലുപരി കാർഷികവൃത്തിയിലേർപ്പെടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കൃഷിയെ ബാധിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണോദ്യോഗസ്ഥനും ഈ വിഭാഗത്തിൽ വരുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനറും കൃഷി വികസന ഓഫീസറാണ്. കൃഷിഭവനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയിട്ടുള്ള സ്ഥാപനങ്ങളാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലാണ് ഓരോ വർഷവും ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുന്നത്. പദ്ധതി രൂപീകരണത്തിന്റെയും നിർവ്വഹണത്തിന്റെയും എല്ലാ ഘട്ടത്തിലും കൃഷി വികസന ഓഫീസർക്കും വർക്കിംഗ് ഗ്രൂപ്പിനും നിർവചിക്കപ്പെട്ടിട്ടുള്ള പങ്ക് നിർവ്വഹിക്കാൻ അവസരമുണ്ട്.

ഓൺലൈൻ ദേശീയ കാർഷിക വിപണി

28 (*448) ശ്രീ. കെ. ദാസൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓൺലൈൻ കാർഷിക വിപണിയെ സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് നിലവിലുള്ള കാർഷികോല്പന്ന വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓൺലൈൻ വിപണിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ നിലവിലുള്ള ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നുവോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾ സംസ്ഥാനത്ത് എവിടെയും സ്വതന്ത്രമായി വിപണനം നടത്തുന്നതിന് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാണ്. കൃഷി വികസപ്പിന്റെകീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങളെത്തിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവായി മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനും സാധിക്കുന്നു. കൂടാതെ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ് മുതലായ ഏജൻസികൾ മുഖേനയും പച്ചക്കറി വികസന പദ്ധതികൾ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകൾ മുഖേനയും കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനും സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണത്തിൽ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഓൺലൈൻ വിപണിയുടെ ആവശ്യമില്ല.

(സി) ഉണ്ട്.

(ഡി) ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ല.

സംയോജിത കന്നുകാലി വികസന പദ്ധതി

29 (*449) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ആർ സെൽവരാജ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജിത കന്നുകാലി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly